പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3647 | 10.04.2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത് |
|---|---|
| **സെൻസസ് ജോലിയിൽ ഏർപ്പെട്ട അംഗൻവാടി ജീവനക്കാർക്ക് വേതനം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. വി. റ്റി. ബൽറാം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) 2010- ലെ സെൻസസ് ജോലിയുടെ ഭാഗമായി വീടുകൾക്ക് നമ്പർ രേഖപ്പെടുത്തുന്നതിന് അംഗൻവാടി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) സെൻസസ് ജോലിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നേമം അഡീഷണൽ പ്രോജക്ടിൽ നിന്നും 38 അങ്കണവാടി പ്രവർത്തകരും പോത്തൻകോട് പ്രോജക്ടിൽ നിന്നും 6 അങ്കണവാടി പ്രവർത്തകരും പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും ഉൾപ്പെടുന്ന അങ്കണവാടി പ്രവർത്തകരും വയനാട് ജില്ലയിലെ പനമരം ഐ.സി.ഡി.എസ്സ് പ്രോജക്ടിൽ പുൽപ്പള്ളി പഞ്ചായത്തിലുൾപ്പെട്ട അങ്കണവാടി പ്രവർത്തകരുമാണ് വീടുകൾക്ക് നമ്പർ രേഖപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നത്. ബന്ധപ്പെട്ട താലൂക്ക് അധികാരികളുടെ ഉത്തരവുകൾ പ്രകാരം അവധി ദിവസങ്ങളിലാണ് ഇവർ വീടുകൾക്ക് നമ്പർ ഇടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്. |
| (ബി) ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) സെൻസസ് ജോലിയുടെ ഭാഗമായി വീടുകൾക്ക് നമ്പർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് അങ്കണവാടി പ്രവർത്തകരെ ചുമതലപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) സെൻസസ് ജോലിയിൽ ഏർപ്പെട്ട അംഗൻവാടി ജീവനക്കാർക്ക് വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) വീടുകൾക്ക് നമ്പർ ഇടുന്നതിനായി വീട് ഒന്നിന് 2 രൂപ നിരക്കിൽ വേതനം നൽകുന്നതിനായാണ് തീരുമാനമുള്ളത്. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പ്രോജക്ടിൽ നിന്നും നേമം അഡീഷണൽ പ്രോജക്ടിൽ നിന്നും സെൻസസ് ജോലിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടവർക്ക് വേതനം ലഭിച്ചിട്ടുണ്ട്. എന്നാൽ പാലക്കാട്, വയനാട് ജില്ലകളിൽ നിന്നും വീടുകൾക്ക് നമ്പർ രേഖപ്പെടുത്തുന്നതിനായി ചുമതലപ്പെടുത്തിയ അങ്കണവാടി പ്രവർത്തകർക്ക് അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ വേതനം നൽകിയിട്ടില്ല. |
| (ഡി) ഇവർക്ക് വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) വേതനം നൽകുന്നതിനായി അലോട്ട്മെന്റ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തഹസീൽദാർമാർക്കും പഞ്ചായത്തുകൾക്കും സി.ഡി.പി.ഒമാർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ